

# ഖുർആൻ ബോധനം

ഒരു സൃഷ്ടി ജീവിച്ചിരിക്കുമ്പോഴും മരിച്ചാലും അവന്റെയും അവന്റെ ഉടമസ്ഥതയിലുള്ളതിന്റെയും യഥാർഥ അവകാശിയും ഉടമയും അല്ലാഹുവാണ്. മരിച്ചുപോയാൽ, ഉറ്റവരും ഉടയവരുമില്ലാത്തവരുടെ-അവരുടെ വസ്തുവഹകളുടെയും അവകാശിയും ഉടമയും അല്ലാഹു മാത്രമാകുന്നു. ഈ അർഥത്തിലാണ് അല്ലാഹു മനുഷ്യരുടെ അനന്തരാവകാശിയാകുന്നത്.

എ.വൈ.ആർ

സൂറ-21

## അൽഅമ്പിയാഅ്

وَزَكَرِيَّآ إِذْ نَادَىٰ رَبَّهُۥ رَبِّ لَا تَذَرْنِى فَرْدًا وَأَنتَ خَيْرُ ٱلْوَٰرِثِينَ ﴿٨٩﴾

**89.** സക്കരിയ്യായെയും നാം അനുഗ്രഹിച്ചു; അദ്ദേഹം വിധാതാവിനോടു പ്രാർഥിച്ചപ്പോൾ: നാഥാ, എന്നെ ഒറ്റപ്പെട്ടവനായി ഉപേക്ഷിക്കരുതേ. നീ തന്നെയാകുന്നു സർവോൽകൃഷ്ടനായ അനന്തരാവകാശി.

فَٱسْتَجَبْنَا لَهُۥ وَوَهَبْنَا لَهُۥ يَحْيَىٰ وَأَصْلَحْنَا لَهُۥ زَوْجَهُۥٓ ۚ إِنَّهُمْ كَانُوا۟
يُسَٰرِعُونَ فِى ٱلْخَيْرَٰتِ وَيَدْعُونَنَا رَغَبًا وَرَهَبًا ۖ وَكَانُوا۟ لَنَا خَٰشِعِينَ
﴿٩٠﴾

**90.** നാം ആ പ്രാർഥന സ്വീകരിച്ചു. അദ്ദേഹത്തിന് യഹ്‌യാ എന്ന സൽപുത്രനെ സമ്മാനിച്ചു. അദ്ദേഹത്തിന്റെ പത്നിയെ പ്രജനന യോഗ്യയാക്കി. അവരൊക്കെയും ധർമ വിഷയങ്ങളിൽ ആവേശമുള്ളവരായിരുന്നു. ആശയോടെ, ആശങ്കയോടെ നമ്മോട് പ്രാർഥിക്കുന്നവരും ഏറെ ഭയഭക്തിയുള്ളവരുമായിരുന്നു.

**89,90**

وَزَكَرِيَّآ = സക്കരിയ്യയെയും (നാം അനുഗ്രഹിച്ചു) إِذْ نَادَىٰ رَبَّهُۥ = അദ്ദേഹം തന്റെ വിധാതാവിനോട് പ്രാർഥിച്ചപ്പോൾ

رَبِّ لَا تَذَرْنِى = എന്റെ നാഥാ, എന്നെ ഉപേക്ഷിക്കരുതേ فَرْدًا = ഒറ്റ(പ്പെട്ടവൻ) ആയിട്ട് وَأَنتَ = നീ(തന്നെയാകുന്നു)

خَيْرُ ٱلْوَٰرِثِينَ = അനന്തരാവകാശികളിൽ ഉത്തമനായിട്ടുള്ളവൻ (സർവോൽകൃഷ്ടനായ അനന്തരാവകാശി)

فَٱسْتَجَبْنَا لَهُۥ = നാം അദ്ദേഹത്തിനു ഉത്തരം ചെയ്തു (ആ പ്രാർഥന സ്വീകരിച്ചു)

وَوَهَبْنَا لَهُۥ = നാം അദ്ദേഹത്തിനു സമ്മാനിച്ചു يَحْيَىٰ = യഹ്‌യാ(എന്ന സൽപുത്രനെ)യെ

وَأَصْلَحْنَا لَهُۥ = അദ്ദേഹത്തിനുവേണ്ടി സംസ്കരിച്ചു(പ്രജനന യോഗ്യയാക്കി) زَوْجَهُۥٓ = അദ്ദേഹത്തിന്റെ പത്നിയെ

إِنَّهُمْ كَانُوا۟ يُسَٰرِعُونَ = അവർ (ഒക്കെയും) വേഗം കൂട്ടുന്ന(ആവേശമുള്ള)വരായിരുന്നു

فِى ٱلْخَيْرَٰتِ = നന്മകളിൽ (ധർമവിഷയങ്ങളിൽ) وَيَدْعُونَنَا = അവർ നമ്മോടു പ്രാർഥിക്കുന്നു(ന്നവരുമായിരുന്നു)

رَغَبًا = ആശയോടെ, പ്രതീക്ഷയോടെ وَرَهَبًا = ആശങ്കയോടെയും

وَكَانُوا۟ لَنَا خَٰشِعِينَ = അവർ നമ്മോട് (ഏറെ) ഭയഭക്തിയുള്ളവരുമായിരുന്നു

സകരിയ്യാ നബിയുടെ കഥ സൂറഃ *ആലുഇംറാൻ* 37-41, സൂറഃ മർയം 2-15 സൂക്തങ്ങളിൽ വിശദമായി വന്നിട്ടുണ്ട്. വിശദീകരണങ്ങൾ *ഖുർആൻ ബോധനം* പ്രസ്തുത സൂക്തങ്ങൾക്കു താഴെ നൽകിയിരിക്കുന്നു. പ്രകൃതിപരമായ യാതൊരു രക്ഷാമാർഗവുമില്ലാത്ത തരത്തിലുള്ള മഹാദുരിതത്തിലകപ്പെട്ട് നിരാശാജനകമായ അവസ്ഥയിൽ അല്ലാഹുവിനോട് പ്രാർഥിക്കുകയും അല്ലാഹു അതുകേട്ട് പ്രകൃത്യാതീതമായ മാർഗങ്ങളിലൂടെ സഹായിക്കുകയും സംരക്ഷിക്കുകയും ചെയ്ത ചില പ്രവാചകന്മാരുടെ ഉദാഹരണങ്ങളാണ് മുകളിൽ ചൂണ്ടിക്കാണിച്ചത്. അക്കൂട്ടത്തിൽ പെട്ട മറ്റൊരുദാഹരണമാണ് സകരിയ്യാ നബിയുടെ കഥ. മക്കളില്ലാത്ത ദുഃഖത്തിലായിരുന്നു അദ്ദേഹം. പ്രായം കൂടിയപ്പോൾ ഈ ദുഃഖത്തിന് ആഴം കൂടി. സ്വജനങ്ങളുടെ നായകനും ധാർമിക പൈതൃകത്തിന്റെ ആചാര്യനമായിരുന്നു പ്രവാചകൻ സകരിയ്യ. അദ്ദേഹത്തിനുശേഷം ജനങ്ങളെ നയിക്കാനും സന്മാർഗദർശനം ചെയ്യാനും യോഗ്യരായ ആരെയും അദ്ദേഹം കണ്ടില്ല. തന്റെ വംശം കുറ്റിയറ്റു പോകുമെന്നതിനു പുറമെ തനിക്കുശേഷം തന്റെ മതധാർമിക പാരമ്പര്യം നിലനിർത്താനും ആരുമില്ലല്ലോ എന്നും അദ്ദേഹം ദുഃഖിച്ചു. പ്രായം ഏറെയായതിനാൽ ഇനിയൊരു സന്താന ലാഭം പ്രതീക്ഷിക്കേണ്ടതില്ല. പോരെങ്കിൽ ഭാര്യ വന്ധ്യയുമാണ്. തികച്ചും നിരാശാജനകമായ ഈ പരിതസ്ഥിതിയിലും അല്ലാഹുവിൽ പ്രതീക്ഷയർപ്പിച്ചുകൊണ്ട് തനിക്കൊരു കുഞ്ഞിനെത്തരേണമെന്ന് അദ്ദേഹം അല്ലാഹുവിനോട് കേണു. മിഹ്റാബിൽ ഭജനമിരിക്കുകയായിരുന്ന മർയമിന്റെയടുക്കൽ പ്രകൃത്യാതീത മാർഗത്തിലൂടെ പലതരം വിഭവങ്ങളെത്തുന്നതു കണ്ടപ്പോഴാണ് സകരിയ്യാക്ക് ഇങ്ങനെ പ്രാർഥിക്കാൻ തോന്നിയതെന്ന് *ആലുഇംറാൻ* 38-ാം സൂക്തം സൂചിപ്പിക്കുന്നുണ്ട്.

അല്ലാഹു ആ പ്രാർഥന സ്വീകരിച്ചു. അദ്ദേഹത്തന്റെ വന്ധ്യയായ സഹധർമിണിയെ ഗർഭം ധരിക്കാനും പ്രസവിക്കാനും യോഗ്യയാക്കി. അവർ യഹ്‌യാ(അ) എന്ന പുത്രനെ പ്രസവിച്ചു. ആ സൽപുത്രൻ ഏറെ പ്രശസ്തനായി. ഇസ്രായീല്യരുടെ പ്രവാചകനും സന്മാർഗ പ്രഭാഷകനുമായി. സകരിയ്യാ നബി പുത്രനെ ചോദിച്ചത് തന്റെ വസ്തുവഹകൾക്ക് ഒരനന്തരവകാശി വേണമെന്നോ തന്റെ വംശാവലി നിലനിർത്താൻ പിൻതലമുറ വേണമെന്നോ മാത്രം മോഹിച്ചിട്ടല്ല; അതിലുപരി തന്റെ കാലശേഷം തന്റെ മത-ധാർമിക ദൗത്യം ഏറ്റെടുക്കാൻ ഒരു പിൻഗാമിയെ മോഹിച്ചിട്ടാണ്. അതുകൊണ്ട് നിശ്ചിത കാര്യകാരണവ്യവസ്ഥക്കതീതമായിട്ടും അല്ലാഹു അദ്ദേഹത്തിന്റെ ആഗ്രഹം സഫലമാക്കിക്കൊടുത്തു. സകരിയ്യാ നബി ആഗ്രഹിച്ചതുപോലെ തന്നെയായിരുന്നു യഹ്‌യാ നബിയുടെ ജീവിതം. യഹ്‌യാ നബിയും ശിഷ്യന്മാരും ഭൗതിക സുഖങ്ങൾക്കു പിന്നാലെ പായുന്നവരായിരുന്നില്ല. സത്യത്തിനും നീതിക്കും ധർമത്തിനും വേണ്ടിയാണ് അവർ മത്സരിച്ചത്. ഇതാണ് إِنَّهُمْ كَانُوا۟ يُسَـٰرِعُونَ فِى ٱلْخَيْرَٰتِ എന്ന വാക്യത്തിന്റെ താൽപര്യം.

നന്മകളിൽ ഉത്സാഹിക്കുന്നതോടൊപ്പം തങ്ങളുടെ എല്ലാ കാര്യങ്ങളിലും പ്രത്യാശയോടും ഭീതിയോടും കൂടി അല്ലാഹുവിനോടു പ്രാർഥിക്കുന്നവരുമായിരുന്നു അവർ. ധർമോപദേശകരും ധർമിഷ്ഠരുമായ തങ്ങൾക്കിനി ദൈവത്തെ പേടിക്കേണ്ടതില്ല എന്നു വിചാരിക്കുന്നവരായിരുന്നില്ല. സദാ അല്ലാഹുവിന്റെ സഹായവും മാർഗദർശനവും തേടിയിരുന്നു. അല്ലാഹുവിന്റെ കാരുണ്യത്തിലും അനുഗ്രഹത്തിലും പ്രത്യാശ പുലർത്തുന്നതോടൊപ്പം തങ്ങളിൽ വന്നുപോയ തെറ്റുകൾക്ക് അല്ലാഹുവിങ്കൽ നിന്നുള്ള ശിക്ഷ ഭയപ്പെടുകയും അവനോട് രക്ഷതേടുകയും ചെയ്തിരുന്നു. ഇതാണ് يَدْعُونَنَا رَغَبًا وَرَهَبًا എന്ന വാക്യത്തിന്റെ താൽപര്യം. പ്രാർഥന സ്വീകരിച്ച് അല്ലാഹുവിന്റെ അനുഗ്രഹം ലഭിച്ചാൽ അതിൽ നിഗളിക്കുകയും, പ്രാർഥന സഫലമായില്ലെങ്കിൽ നിരാശപ്പെട്ട് അല്ലാഹുവിനെ ആക്ഷേപിക്കുകയും ചെയ്യുക അവരുടെ സ്വഭാവമായിരുന്നില്ല; രണ്ടവസ്ഥകളിലും ഭയഭക്തിയോടെ അവനെ വണങ്ങുന്നവരായിരുന്നുവെന്നാണ് وَكَانُوا۟ لَنَا خَـٰشِعِينَ എന്ന വാക്യത്തിലൂടെ വ്യക്തമാക്കുന്നത്.

മൂലത്തിലെ فرد ഒറ്റയാണ്. വ്യാകരണത്തിൽ ബഹുവചനത്തിന്റെ (جمع) വിപരീതമായ ഏകവചനത്തിന് مفرد എന്നുപറയും. ഇവിടെ സകരിയ്യാനബി തന്നെ ഒറ്റപ്പെട്ടവനാക്കരുത് എന്നു പറഞ്ഞതുകൊണ്ടുദ്ദേശിക്കുന്നത് മക്കളില്ലാത്തവനാക്കരുത് എന്നുമാത്രമല്ല. അതു മാത്രമായിരുന്നു ഉദ്ദേശ്യമെങ്കിൽ أبتر എന്നുപറഞ്ഞാൽ മതിയായിരുന്നു. മക്കളും സഹോദരങ്ങളുമൊക്കെ ഉണ്ടായാലും തന്റെ ആദർശവും കർമരീതിയും അംഗീകരിക്കുന്നവരോ സഹായികളോ സഹകാരികളോ ഇല്ലാത്തവനും ഒറ്റപ്പെട്ടവൻ فرد ആകും. ഈ ഒറ്റപ്പെടലിൽ നിന്നുള്ള മോചനവും കൂടിയാണ് സകരിയ്യാ നബി തേടിയത്. ഈ സന്ദർഭത്തിൽ അനന്തരാവകാശികളിൽ അത്യുത്തമൻ നീ തന്നെയാകുന്നു- وَأَنتَ خَيْرُ ٱلْوَٰرِثِينَ എന്ന വാക്യത്തിന്റെ സാംഗത്യം തൊട്ടുമുമ്പ് പരാമർശിച്ചത് അനന്തരാവകാശിയുണ്ടാകുന്നതിനെയാകുന്നു എന്നതാണ്. നന്മകൾ തേടുന്നവൻ താൻ തേടുന്ന നന്മ ഏറ്റവും കൂടുതലുള്ളത് തേടപ്പെടുന്ന അല്ലാഹുവിൽ തന്നെയാണെന്നു സ്തുതിക്കുക സാധാരണമാകുന്നു. ഉദാ: وَقُل رَّبِّ ٱغْفِرْ وَٱرْحَمْ وَأَنتَ خَيْرُ ٱلرَّٰحِمِينَ -നീ പ്രാർഥിക്കുക: നാഥാ പൊറുക്കേണമേ, കാരുണ്യമരുളേണമേ കാരുണികരിലേറ്റം കരുണയുള്ളവൻ നീയാകുന്നു (23:118). ഒരു സൃഷ്ടി ജീവിച്ചിരിക്കുമ്പോഴും മരിച്ചാലും അവന്റെയും അവന്റെ ഉടമസ്ഥതയിലുള്ളതിന്റെയും യഥാർഥ അവകാശിയും ഉടമയും അല്ലാഹുവാണ്. മരിച്ചുപോയാൽ, ഉറ്റവരും ഉടയവരുമില്ലാത്തവരുടെ-അവരുടെ വസ്തുവഹകളുടെയും അവകാശിയും ഉടമയും അല്ലാഹു മാത്രമാകുന്നു. ഈ അർഥത്തിലാണ് അല്ലാഹു മനുഷ്യരുടെ അനന്തരാവകാശിയാകുന്നത്. ■

---

وَٱلَّتِىٓ أَحْصَنَتْ فَرْجَهَا فَنَفَخْنَا فِيهَا مِن رُّوحِنَا وَجَعَلْنَـٰهَا وَٱبْنَهَآ ءَايَةً لِّلْعَـٰلَمِينَ ﴿٩١﴾

**91.** ചാരിത്രശുദ്ധി കാത്ത ആ വനിതയെയും നാം അനുഗ്രഹിച്ചു. നാം അവളിൽ നമ്മുടെ ജീവനിൽ നിന്ന് ഊതി. അവളെയും പുത്രനെയും ലോകർക്കാകമാനം ദൃഷ്ടാന്തമാക്കുകയും ചെയ്തു.

# ഖുർആൻ ബോധനം

**91**

وَٱلَّتِىٓ أَحْصَنَتْ فَرْجَهَا = തന്റെ ജനനേന്ദ്രിയത്തെ സംരക്ഷിച്ചവളെയും

(ചാരിത്രശുദ്ധി കാത്ത ആ വനിതയെയും നാം അനുഗ്രഹിച്ചു)

فَنَفَخْنَا فِيهَا = അങ്ങനെ അവളിൽ നാം ഊതി مِن رُّوحِنَا = നമ്മുടെ ജീവനി(ആത്മാവി)ൽ നിന്ന്

وَجَعَلْنَـٰهَا = നാം അവളെ ആക്കി وَٱبْنَهَآ = അവളുടെ പുത്രനെയും ءَايَةً = ഒരു ദൃഷ്ടാന്തം لِّلْعَـٰلَمِينَ = ലോകർക്ക് (ആകമാനം)

**ഈ** സൂക്തം സൂചിപ്പിക്കുന്നത് ഈസാ മസീഹിന്റെ മാതാവ് മർയമിനെ(അ)യാണ്. ഇവരുടെ ചരിത്രവും സൂറഃ *ആലുഇംറാനി*ലും സൂറഃ *മർയമി*ലുമായി വിസ്തരിച്ചിട്ടുണ്ട്. ഇവിടെ അവരുടെ പേരുപറയാതെ വിശേഷണത്തിലൂടെ പരാമർശിച്ചിരിക്കുകയാകുന്നു. സുരക്ഷ, ചാരിത്രശുദ്ധി തുടങ്ങിയ ആശയങ്ങളുള്ള حصن ന്റെ സകർമകക്രിയാ രൂപമാണ് احصن. സുരക്ഷാ ഭിത്തിക്കും കോട്ടക്കും حصن ഉപയോഗിക്കും. ഭാര്യയെ സംരക്ഷിക്കുന്ന സദാചാരബദ്ധനായ പുരുഷൻ محصن ഉം ചാരിത്രവതി محصنة ഉം ആണ്. സൂറഃ *അന്നിസാഅ്* 24-ാം സൂക്തത്തിൽ ഈ രണ്ടു പദങ്ങളും ഉപയോഗിച്ചിട്ടുണ്ട്. വിടവ്, തുറവ്, സൂക്ഷിക്കേണ്ട അപകട സ്ഥലം എന്നൊക്കെയാണ് فرج ന്റെ ഭാഷാർഥം. സ്ത്രീയുടെ ജനനേന്ദ്രിയത്തെ കുറിക്കാനും ഉപയോഗിക്കുന്നു. وَٱلَّتِىٓ أَحْصَنَتْ فَرْجَهَا എന്നാൽ തന്റെ യോനീ ഭാഗം സൂക്ഷിച്ചവൾ എന്നാണ് ഭാഷാർഥമെങ്കിലും എല്ലാ തിന്മകളിൽനിന്നും സ്വയം സുരക്ഷിതമാക്കിയവൾ എന്ന അർഥത്തിലുള്ള ഒരു പ്രയോഗമാണതെന്ന് മൗലാനാ അമീൻ അഹ്സൻ ഇസ്‌ലാഹി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അതായത് ഒരു തരത്തിലുള്ള പാപക്കറയും പുരളാത്ത ജീവിതമായിരുന്നു അവരുടേത്.

അല്ലാഹു كن (ഭവിക്കുക) എന്ന വചനത്താൽ അവരുടെ ഉദരത്തിൽ ഒരു ശിശുവിന്റെ ജീവൻ നിക്ഷേപിച്ചു എന്നാണ് -فَنَفَخْنَا فِيهَا مِن رُّوحِنَا -എന്ന വാക്യത്തിന്റെ ആശയം. ഈസാ(അ) ആയിരുന്നു ആ ശിശു. സാമ്പ്രദായിക കാര്യകാരണ വ്യവസ്ഥക്ക് അപവാദമായി 'كن' എന്ന വാക്യത്താൽ നേരിട്ടുളവായ സൃഷ്ടിയാണ് അദ്ദേഹം. എല്ലാ സൃഷ്ടികളും ഉളവാകുന്നത് كن എന്ന കൽപന കൊണ്ടു തന്നെയാണ്. എങ്കിലും അതിന് നിർണിതമായ ഒരു പ്രക്രിയ നിശ്ചയിച്ചിരിക്കും. ഈ ക്രമത്തെയാണ് നാം പ്രകൃതി എന്നും കാര്യകാരണ വ്യവസ്ഥയെന്നും വിളിക്കുന്നത്. പ്രകൃതിയനുസരിച്ച് മർയം ഗർഭം ധരിക്കേണ്ടത് ഒരു പുരുഷനുമായി സംഗമിച്ച് അയാളുടെ ബീജം അവരുടെ അണ്ഡവുമായി സംയോജിച്ചായിരുന്നു. ഈ പ്രകൃതിയെ മാറ്റിനിർത്തിക്കൊണ്ടുള്ളതായിരുന്നതുകൊണ്ടാണ് അദ്ദേഹത്തെക്കുറിച്ച് 'അവന്റെ ജീവനിൽ നിന്ന് ഊതി' അല്ലെങ്കിൽ 'كن എന്ന വാക്യത്താൽ ഉളവാക്കി' എന്നുപറഞ്ഞത്. പുരുഷ സ്പർശമേൽക്കാതെ ഗർഭിണിയായതിലൂടെയാണ് മർയം ദിവ്യാത്ഭുതമായത്. അല്ലാഹുവിന്റെ ഇഛകൾ നടപ്പിലാക്കുന്നതിന് പ്രകൃതി വ്യവസ്ഥയോ കാര്യകാരണ ബന്ധമോ തടസ്സമാകുന്നില്ല എന്നതിനുള്ള ദൃഷ്ടാന്തമാണ് ഈസാനബിയുടെ ജനനം. നവജാത ശിശുവായിരിക്കെ തൊട്ടിലിൽ കിടന്നു സംസാരിച്ചതിലൂടെയും, മുതിർന്നപ്പോൾ മരിച്ചവരെ ജീവിപ്പിക്കുക, മാറാരോഗികളെ സുഖപ്പെടുത്തുക, പക്ഷികളുടെ പാവയുണ്ടാക്കി അതിൽ ജീവൻ ഊതുക തുടങ്ങിയ കൃത്യങ്ങളിലൂടെയും യഹൂദരുടെ വധശ്രമത്തിൽ നിന്നു രക്ഷപ്പെട്ടതിലൂടെയും ഈസാ(അ)യെയും അല്ലാഹു അവന്റെ ദൃഷ്ടാന്തമാക്കി. സൂറഃ *അന്നിസാഇ*ലും *ആലുഇംറാനി*ലും *മർയമി*ലും അദ്ദേഹത്തിന്റെ ഈ ദിവ്യാത്ഭുതങ്ങൾ പരാമർശിച്ചിരിക്കുന്നു. ഈ സൂക്തം മർയമിന്റെ ചാരിത്രശുദ്ധിയെ പരാമർശിച്ച് ആരംഭിക്കുകയും അവരുടെയും പുത്രന്റെയും ദൃഷ്ടാന്തങ്ങൾ പരാമർശിച്ച് സമാപിക്കുകയും ചെയ്തതിൽ ഈ രണ്ടു പുണ്യാത്മാക്കളെക്കുറിച്ച് യഹൂദർ ഉന്നയിച്ചിരുന്ന ആരോപണങ്ങളുടെ നിഷേധവുമുണ്ട്. മർയമിന്റേത് അവിഹിത ഗർഭവും ഈസാ(അ)യുടേത് ജാരജന്മവുമായിരുന്നുവെന്നാണ് അവർ വാദിച്ചിരുന്നത്. മതധ്വംസകനും രാജ്യദ്രോഹിയുമായി മുദ്രകുത്തി അവരദ്ദേഹത്തെ വധിച്ചതായി അവകാശപ്പെടുകയും ചെയ്തു. വധശ്രമത്തിൽ നിന്ന് അല്ലാഹു അദ്ദേഹത്തെ അത്ഭുതകരമായി രക്ഷപ്പെടുത്തിയെന്നാണ് ഖുർആൻ പറയുന്നത്. ■

**87,88**

കഴിഞ്ഞ ലക്കത്തിൽ 87, 88 സൂക്തങ്ങളുടെ വാക്കർഥങ്ങൾക്കുപകരം 85, 86 സൂക്തങ്ങളുടെ വാക്കർഥമാണ് നൽകിയത്. വിട്ടുപോയ 87, 88 സൂക്തങ്ങളുടെ വാക്കർഥം താഴെ കൊടുക്കുന്നു.

وَذَا ٱلنُّونِ = മത്സ്യമുടയവനെയും (മത്സ്യോദര വാസിയെയും നാം അനുഗ്രഹിച്ചു)

إِذ ذَّهَبَ = അദ്ദേഹം പോയപ്പോൾ (സ്ഥലം വിട്ടപ്പോൾ) مُغَـٰضِبًا = കുപിതനായിക്കൊണ്ട്

فَظَنَّ = അപ്പോൾ അദ്ദേഹം വിചാരിച്ചു(ച്ചത്) أَن لَّن نَّقْدِرَ عَلَيْهِ = നാം ഒരിക്കലും അദ്ദേഹത്തെ ഞെരുക്കുകയില്ലെന്ന്

فَنَادَىٰ = അപ്പോൾ (ഒടുവിൽ) അദ്ദേഹം വിളിച്ചു (വിലപിച്ചു) فِى ٱلظُّلُمَـٰتِ = അന്ധകാരങ്ങളിൽ

أَن لَّآ إِلَـٰهَ إِلَّآ أَنتَ = എന്തെന്നാൽ, നീയല്ലാതെ ദൈവമില്ല

سُبْحَـٰنَكَ = നീ പരമപരിശുദ്ധൻ (അല്ലോ) إِنِّى = തീർച്ചയായും ഞാൻ

كُنتُ مِنَ ٱلظَّـٰلِمِينَ = ഞാൻ അക്രമികളിൽ പെട്ടവനായി (മഹാപരാധം ചെയ്തുപോയി)

فَٱسْتَجَبْنَا لَهُۥ = നാം അദ്ദേഹത്തിന് ഉത്തരം ചെയ്തു (ആ പ്രാർഥന സ്വീകരിച്ചു)

وَنَجَّيْنَـٰهُ = അദ്ദേഹത്തെ മുക്തനാക്കി مِنَ ٱلْغَمِّ = ദുഃഖത്തിൽനിന്ന് وَكَذَٰلِكَ = ഈവിധം

نُـۨجِى = നാം രക്ഷിക്കുന്നു, മോചിപ്പിക്കുന്നു ٱلْمُؤْمِنِينَ = സത്യവിശ്വാസികളെ